# പ്രേഷിതപ്രവർത്തനം സംബന്ധിച്ച ഡിക്രി

**ഡോ. ഡോമിനിക്ക് വെച്ചൂർ, ബ്ര. തോമസ് തയ്യിൽ**

ആമുഖം

കൗൺസിൽ പ്രമാണരേഖകളിലെ ഡിക്രികളുടെ ഗണത്തിലെ ഏറ്റവും ഒടുവിലത്തേതാണു പ്രേഷിതപ്രവർത്തനം സംബന്ധിച്ചത്. ആദ് ജെന്തെസ് (അറ ഏലിലേ = ജനതകളിലേക്ക്) എന്നാണ് ഈ ഡിക്രിയുടെ ഔദ്യോഗികനാമം. 1965 ഡിസംബർ 7-ന് ഈ ഡിക്രി പ്രസിദ്ധീകൃതമായി. തിരുസഭയുടെ സ്വഭാവവും ലക്ഷ്യങ്ങളും നന്നായി പ്രതിപാദിക്കുന്ന 'ജനതകളുടെ പ്രകാശം' എന്ന തിരുസ്സഭയെ ക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷൻ നല്കുന്ന ചിന്തകളുടെ പൂർത്തീകരണമാണ് ഈ പ്രമാണരേഖ. ജനതകളുടെ പ്രകാശമായ ഈശോമിശിഹായുടെ ദീപ്തിയാൽ സഭാ സമൂഹത്തെയും സകല മനുഷ്യരെയും പ്രകാശിപ്പിക്കുക എന്നതാണ് തിരുസ്സഭയുടെ ഏറ്റവും പ്രധാന ലക്ഷ്യം. സഭ ഈ ദൗത്യം പ്രധാനമായും നിർവ്വഹിക്കുന്നത് അവളുടെ പ്രേഷിത പ്രവർത്തങ്ങളിലൂടെയാണ്. സഭയുടെ ഈ പ്രേഷിതദൗത്യത്തിന്റെ അടിസ്ഥാനദർശനങ്ങളാണ് ഈ ഡിക്രിയുടെ ഉള്ളടക്കം.

## പ്രധാന ചിന്തകൾ

1. തിരുസഭ സ്വഭാവത്താലേ പ്രേഷിതയാണ്. തിരുസഭയെ കൗൺസിൽ പിതാക്കന്മാർ വിശേഷിപ്പിക്കുന്നത് '' ദൈവവുമായുള്ള മനുഷ്യകുലത്തിന്റെ ഉറ്റ ഐക്യത്തിന്റെയും മനുഷ്യവർഗ്ഗം മുഴുവന്റെയും യോജിപ്പിന്റെ കൂദാശ'' ''രക്ഷയുടെ സാർവ്വത്രികകൂദാശ'' (തിരുസഭ 1, 48) എന്നൊക്കെയാണ്. ജനതകളുടെയും മനുഷ്യ വർഗ്ഗം മുഴുവന്റെയും സമ്പൂർണ്ണവും സമഗ്രവുമായ രക്ഷയും വിമോചനവും സാധിതമാക്കുന്നതു ദൈവപുത്രനായ മിശിഹാ സ്ഥാപിച്ച ഏകസഭയിലൂടെയാണ്. ഈ ലക്ഷ്യത്തിലേക്കു ജനതകളെ മുഴുവൻ നയിക്കുക എന്നതാണു തിരുസഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെ ലക്ഷ്യം. തിരുസ്സഭയുടെ ഈ പ്രേഷിതനിയോഗം അവൾക്കു സ്വഭാവത്താലേതന്നെയുള്ളതാണ്, ത്രിയേകദൈവത്തിൽ നിന്ന് അവൾ സ്വീകരിച്ചതുമാണ്. ''തീർത്ഥാടകസഭ സ്വാഭാവത്താലേ പ്രേഷിതയാണ്. കാരണം, പിതാവായ ദൈവത്തിന്റെ പദ്ധതിപ്രകാരമുള്ള പുത്രന്റെയും പരിശുദ്ധാരൂപിയുടെയും പ്രേഷിതത്വത്തിൽനിന്നാണ് അവയുടെ ഉദ്ഭവം''(ച.2). മനുഷ്യവർഗ്ഗം മുഴുവനും വേണ്ടിയുള്ള പിതാവായ ദൈവത്തിന്റെ രക്ഷാകരപദ്ധതി പുത്രനിലൂടെയും പരിശുദ്ധാത്മാവിലൂടെയും തുടരുന്നു. ത്രിയേകദൈവം ഈ ദൗത്യം തുടരുന്നതു രക്ഷയുടെ കൂദാശയായ സഭയിലൂടെയാണ്. സഭയിലൂടെ തുടരുന്ന ഈ സാർവ്വത്രിക പ്രേഷിതദൗത്യം പത്രോസിന്റെ പിൻഗാമിയായ മാർപാപ്പായുടെ നേതൃത്വത്തിലുള്ള മെത്രാൻസംഘം മുഴുവന്റെയും ദൈവജനം മുഴുവന്റെയും പ്രാർത്ഥനയോടും സഹകരണത്തോടും കൂടിയാണു നിർവ്വഹിക്കപ്പെടുന്നത്. 'ഈശോയിൽ വിശ്വസിക്കാത്ത ജനതകളോടും സമൂഹങ്ങളോടും സുവിശേഷം

പ്രസംഗിക്കുകയും സഭ സ്ഥാപിക്കുകയും ചെയ്യുന്ന പ്രവൃത്തിയെ'യാണു പ്രേഷിതപ്രവർത്തനം കൊണ്ട് ഈ രേഖ വിവക്ഷിക്കുന്നത് (ഖ.6) എല്ലാവരും രക്ഷ പ്രാപിക്കണമെന്നും സത്യം അറിയണമെന്നും ആഗ്രഹിക്കുന്ന ദൈവത്തിന്റെ മനസ്സാണ്, മിഷൻ പ്രവർത്ത നങ്ങളുടെ അടിസ്ഥാനം. ഈ പ്രേഷിതദൗത്യം മനുഷ്യചരിത്രത്തിലൂടെ കർത്താവിന്റെ രണ്ടാമത്തെ ആഗമനം വരെ തുടരുന്നു.

2. പ്രേഷിത പ്രവർത്തനത്തിനു വിവിധ മാർഗ്ഗങ്ങൾ: ദൈവസ്നേഹം എല്ലാ മനുഷ്യർക്കും കാണിച്ചുകൊടുക്കുവാനും എല്ലാ ജനപദങ്ങൾക്കും പകർന്നു കൊടുക്കുവാനും നിയോഗിക്കപ്പെട്ടിരിക്കുന്ന സഭ ഈ ദൗത്യം വ്യത്യസ്ത രീതികളിലൂടെ തുടരുന്നു. ജീവിതമാതൃകയും സാക്ഷ്യവുമാണു കൗൺസിൽ പിതാക്കന്മാർ എടുത്തുപറയുന്ന ഒന്നാമത്തെ മാർഗ്ഗം. ജാതിമതചിന്തകൾക്കും സാമൂഹികപരിതോവസ്ഥകൾക്കുമപ്പുറം എല്ലാ മനുഷ്യരെയും ആദരിക്കുകയും സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്ന ഒരു ചൈതന്യമാണിത്. സുവിശേഷപ്രസംഗമാണു രണ്ടാമത്തെ മാർഗ്ഗം. ജീവനുള്ള ദൈവത്തെയും മനുഷ്യരക്ഷയ്ക്കായി അവിടുന്ന് അയച്ച ഈശോയെയും ആത്മവിശ്വാസത്തോടും സ്ഥിരതയോടും കൂടെ എല്ലാ മനുഷ്യരോടും പ്രസംഗിക്കണം. ശരിയായ ക്രിസ്തീയപരിശീലനവും വിശ്വാസജീവിതപരിശീലനവും ഇതുവഴി സാധിക്കുന്നു. ക്രൈസ്തവസമൂഹത്തിന്റെ രൂപവത്കരണമാണു പ്രേഷിതപ്രവർത്തനത്തിനുള്ള മൂന്നാമത്തെ മാർഗ്ഗം. തിരുവചന പ്രഘോഷണത്തിലൂടെയും കൂദാശകളിലൂടെയും ഒരു സമൂഹമായി രൂപപ്പെടുന്ന ക്രൈസ്തവർ പരസ്നേഹപ്രവൃത്തികളിലൂടെയും എക്യുമെനിക്കൽ ഭാവങ്ങൾ പരിപോഷിപ്പിക്കുന്നതിലൂടെയും മറ്റു മതസ്ഥരോട് ആദരവോടെ ഇടപഴകുന്നതിലൂടെയും ഈ കൂട്ടായ്മയെ വളർത്തുന്നു. ഈ സമൂഹരൂപവത്കരണത്തിൽ വൈദികർക്കും സന്ന്യസ്തർക്കും വിശ്വാസപരിശീലകർക്കും സ്തുത്യർഹമായ സ്ഥാനമുണ്ട്. മിഷൻസ്ഥലങ്ങളിൽ നിന്നു തദ്ദേശീയരായ വൈദികരും സന്ന്യസ്തരും വേദാദ്ധ്യാപകരും ഉണ്ടാകുവാനിടയാകത്തക്കവിധം പ്രാദേശിക ദൈവവിളികൾ നന്നായി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. പ്രാദേശികസഭകളുടെ വളർച്ച നന്നായി സാധ്യമാകത്തക്കരീതിയിൽ ആരോഗ്യകരമായ പ്രാദേശികാനുരൂപണങ്ങളും ഉണ്ടാകണം. ഇവയെല്ലാം സഭയുടെ സാർവ്വത്രികപ്രേഷിതദൗത്യത്തോടു ചേർന്നു പോകുന്നതുമാകണം.

3. പ്രേഷിതരുടെ ജീവിതശൈലി: സഭയുടെ പ്രേഷിതദൗത്യത്തിൽ പ്രത്യേകമാംവിധം പങ്കുചേരുന്ന പ്രേഷിതരുടെ ജീവിതം സുവിശേഷാനുസൃതമാ യിരിക്കണമെന്ന് ഈ രേഖ പ്രത്യേകം എടുത്തു പറയുന്നു. ''അയയ്ക്കപ്പെട്ടവർ അയച്ചവന്റെ ജീവിതത്തിലേക്കും ദൗത്യത്തിലേക്കും പ്രവേശിക്കേണ്ടിയിരിക്കുന്നു'' (റ്റ.24). വിശിഷ്ടമായ ഈ ശുശ്രൂഷയ്ക്ക് ആവശ്യകമായ പരിശീലനം പ്രേഷിതർക്കു ലഭിക്കണം. മിഷൻ സ്ഥലങ്ങളിലെ

പ്രാദേശികചരിത്രവും സംസ്കാരവും ഭാഷയും ജീവിതരീതികളുമെല്ലാം മിഷനറിമാർ നന്നായി പഠിക്കുകയും വേണം.

4. പ്രേഷിതപ്രവർത്തനങ്ങളുടെ സമീകരണവും പ്രേഷിതസഹകരണവും: ക്രൈസ്തവിശ്വാസികൾക്കു വിഭിന്നങ്ങളായ വരങ്ങൾ ഉള്ളതിനാൽ പ്രേഷിതപ്രവർത്തനങ്ങളുടെ ഒരു സമീകരണം നന്നായി ഉണ്ടാകണം. സാർവ്വത്രികസഭയോടു തുറവിയും പ്രാദേശികസഭകളുടെ വളർച്ചയും ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രേഷിതപ്രവർത്തനങ്ങളാണു നടക്കേണ്ടത്. സാർവത്രികതലത്തിൽ മെത്രാന്മാരുടെ സിനഡും വിശ്വാസപ്രചാരകസംഘവും സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു. ഓരോ രൂപതയിലും മെത്രാന്മാരാണു പ്രേഷിതപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നത്. പ്രാദേശികമായ സഹകരണവും മെത്രാന്മാർ തമ്മിലുണ്ടാകണം. പ്രേഷിതസ്ഥാപനങ്ങൾ തമ്മിലും ഈ സഹകരണം ഉണ്ടാകണമെന്നു സഭ ആഗ്രഹിക്കുന്നു. എല്ലാറ്റിനുമുപരി സാക്ഷ്യജീവിതവും പ്രാർത്ഥനയും പ്രേഷിതവിളികളുടെ പ്രോത്സാഹനവും സാമ്പത്തികസഹായവും പരസ്പരമുള്ള സഹകരണവും വഴി തിരുസഭയുടെ പ്രേഷിതദൗത്യം സഫലീകരിക്കുവാൻ ദൈവജനം മുഴുവൻ സഹകരിക്കേണ്ടിയിരിക്കുന്നു എന്ന ആഹ്വാനത്തോടെയാണ് ഈ ഡിക്രി സമാപിക്കുന്നത്.